18

വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 JUNE 2022



# കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ്

## പ്രവർത്തനമാരംഭിച്ചു

കേരള സംസ്ഥാന സർക്കാരിന്റെയും വ്യവസായ വാണിജ്യ വകുപ്പിന്റെയും അഭിമാനമായി കേരള പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് (കെ.പി.പി.എൽ) പ്രവർത്തനമാരംഭിച്ചു. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സ്ഥാപനത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. ഉത്പാദന ച്ചെലവ് കുറച്ച് ലാഭകരമായി പ്രവർത്തിപ്പിക്കാനാവശ്യമായ രീതിയിലാണ് സ്ഥാപനത്തിന്റെ പ്രവർത്തന ഘട്ടങ്ങൾ. നാല് ഘട്ടമായി 46 മാസത്തെ പുനരുദ്ധാരണ പ്രവർത്തനമാണ് ആസൂത്രണം ചെയ്തത്. അതിൽ ഒന്നാം ഘട്ടമാണ് ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നത്. 34 കോടി രൂപയാണ് ആദ്യഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചത്. 46 മാസം കൊണ്ട് 3000 കോടി ടേണോവറിലേക്ക് എത്താൻ കഴിയുന്ന 5 ലക്ഷം മെട്രിക് ടൺ ഉൽപാദനമുള്ള ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട സ്ഥാപനമാക്കി കേരള പേപ്പർ പ്രൊഡക്റ്റ്സിനെ മാറ്റുക എന്നതാണ് സംസ്ഥാന സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും ലക്ഷ്യം.

പൊതുമേഖലാ സ്ഥാപനം മത്സരക്ഷമവും ലാഭകരവുമായിരിക്കണം എന്ന കാഴ്ചപ്പാടിൽ ഊന്നിയാണ് ഓരോ ഘട്ടവും നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 3 വർഷത്തിലധികം കാലമായി നിശ്ചലമായിരുന്ന മെഷിനറികളുടെയെല്ലാം അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കി. 2022 മെയ് 20 മുതൽ പർച്ചേസ് ചെയ്ത പൾപ്പും റീസൈക്കിൾ ചെയ്ത പൾപ്പുമുപയോഗിച്ചുകൊണ്ടുള്ള ഉത്പാദനം ആരംഭിക്കും. 45 കോടി രൂപ ചിലവഴിക്കുന്ന രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടെ വിർജിൻ പൾപ്പ് ഉപയോഗിച്ചുകൊണ്ടുള്ള പേപ്പർ ഉത്പാദനത്തിലേക്ക് കടക്കും.

650 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്ന മൂന്നാം ഘട്ട പദ്ധതിയിലൂടെ ഫോൾഡിങ്ങ് ബോർഡുകളുൾപ്പെടെയുള്ള വിപണിമൂല്യമുള്ള പ്രീമിയം പ്രൊഡക്റ്റ്സ് നിർമ്മാണത്തിലേക്ക് കെ പി പി എൽ കടക്കും. 350 കോടി രൂപ ചിലവ് വരുന്ന നാലാം ഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ശേഷം ക്രാഫ്റ്റ് പേപ്പർ അടിസ്ഥാനമാക്കിയുള്ള പേപ്പർ ബോർഡുകൾ നിർമ്മിക്കുന്ന സ്ഥാപനമായി കെ.പി.പി.എൽ മാറും.

KERALA PAPER PRODUCTS LTD



"പദ്ധതി പ്രകാരമുള്ള വികസനം സമയബന്ധിതമായി പൂർത്തീകരിക്കും. 3200 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കമ്പനിയെ മാറ്റി രാജ്യത്തെ ഏറ്റവും വലിയ പേപ്പർ ഉത്പന്ന നിർമ്മാണ കമ്പനിയായി കെപിപിഎല്ലിനെ വളർത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

ബഹു. മുഖ്യമന്ത്രി
**ശ്രീ. പിണറായി വിജയൻ**

"പൊതുമേഖലയെ സംരക്ഷിക്കുന്നതിൽ കേരളം പ്രതിജ്ഞാബദ്ധമാണ്. കേവലം പൊതുമേഖല സംരക്ഷണം എന്നതിനപ്പുറത്തേക്കാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന പൊതു മേഖല സ്ഥാപനമായിരിക്കും കെ.പി.പി.എൽ.

ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി
**ശ്രീ.പി. രാജീവ്**



## ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ :

# ലക്ഷ്യത്തിലേക്ക് കുതിച്ച് വ്യവസായ വകുപ്പ്

സംരഭക വർഷം തുടങ്ങിയിട്ട് ഒരു മാസം പിന്നിട്ടപ്പോൾ  സംസ്ഥാനത്ത് എത്തിയത് 124.17 കോടി രൂപയുടെ നിക്ഷേപം. സൂക്ഷ്മ ചെറുകിട ഇടത്തരം വിഭാഗങ്ങൾ പ്രതിനിധീകരിക്കുന്ന എം.എസ്.എം.ഇ മേഖലയിൽ 1126  സംരംഭങ്ങളാണ് ഒരു മാസം കൊണ്ട് ആരംഭിച്ചത്.  ഇതുവഴി മൊത്തം 4453 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്.

നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചാണ് ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് കുതിക്കുന്നത്. കാർഷിക ഭക്ഷ്യ മേഖലയിലാണ് ഏറ്റവും  കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. 346  സംരംഭങ്ങളാണ് കാർഷിക മേഖലയെ പ്രതിനിധീകരിച്ച് ആരംഭിച്ചിരിക്കുന്നത്. സേവനമേഖലയിൽ 306 യൂണിറ്റുകൾ, ടെക്സ്റ്റയിൽ മേഖലയിൽ 119 യൂണിറ്റുകൾ എന്നിങ്ങനെയാണ്  മറ്റ് പ്രധാനപ്പെട്ടവ.

ഒരു ലക്ഷം സംരംഭങ്ങൾക്കായി ഈ വർഷത്തെ ബജറ്റിൽ 120 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംരംഭകർക്ക് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇതിലൂടെ നൽകാൻ സാധിക്കും.

## ബിസിനസ്സ് ഉഷാറാക്കാൻ വരുന്നു

# വ്യാപാർ 2022

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) അന്താരാഷ്ട്ര തലത്തിൽ  പരിചയപ്പെടുത്തുക  എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ബിസിനസ്സ് മീറ്റായ **വ്യാപാർ 2022'** ന് കൊച്ചിയിൽ വേദിയൊരുങ്ങും. എറണാകുളം കലൂർ ജവഹർലാൽ നെഹ്റു  ഇന്റർനാഷണൽ  സ്റ്റേഡിയം  ഗ്രൗണ്ടിൽ 2022 ജൂൺ 16 മുതൽ 18 വരെയാണ് മേള സംഘടിപ്പിക്കപ്പെടുക.

ഭക്ഷ്യസംസ്കരണം, കൈത്തറി വസ്ത്രങ്ങളും തുണിത്തരങ്ങളും, റബർ, കയർ ഉത്പന്നങ്ങൾ, ആയുർവേദവും പച്ചിലമരുന്നുകളും, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, പരമ്പരാഗത വിഭാഗങ്ങളായ കരകൗശല, മുള തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ ഉത്പന്നങ്ങൾ  വ്യാപാർ മേളയിൽ പ്രദർശിപ്പിക്കും. ഇതുവഴി കേരളത്തിൽനിന്നുള്ള വിൽപനക്കാരുമായും നിർമാതാക്കളുമായും നേരിട്ട് ഇടപെടാനും സംവദിക്കാനും ഇതര സംസ്ഥാനങ്ങളിലെ ബയർമാർക്ക് അവസരം ലഭിക്കും.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് മേളയുടെ ഭാഗമാകാനുള്ള  സെല്ലർ രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും സെല്ലർ രജിസ്ട്രേഷനും www.keralabusinessmeet.org സന്ദർശിക്കുക.





Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.